പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2033 07.03.2017 — ൽ മറുപടിക്ക്

ബി.പി.എൽ/എ.പി.എൽ മാനദണ്ഡങ്ങൾ

ഉത്തരം

ശ്രീ.മുഹമ്മദ് മുഹസിൻ പി. :

ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും
വകുപ്പുമന്ത്രി)

(എ) റേഷൻകാർഡ് പുതുക്കലുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തീയതി സഹിതം വിശദമാക്കാമോ;

(എ) റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിൽ നിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം കരട് പട്ടിക 20.10.2016-ന് പ്രസിദ്ധീകരിക്കുകയും 20.10.2016 മുതൽ 05.11.2016 വരെ കരട് പട്ടികയിന്മേൽ ആക്ഷേപമോ പരാതിയോ ഉണ്ടെങ്കിൽ നൽകുവാൻ അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്ത് സെക്രട്ടറി അധ്യക്ഷനായ വെരിഫിക്കേഷൻ കമ്മിറ്റി മുമ്പാകെ ഹിയറിംഗിനായി വിളിക്കുകയും ടി കമ്മിറ്റിയുടെ തീരുമാനത്തിൽ ആക്ഷേപമുണ്ടെങ്കിൽ ജില്ലാ കളക്ടർ അധ്യക്ഷനായ അപ്പീൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുവാൻ അവസരം ഒരുക്കുകയും പരാതികൾ പരിഹരിച്ച് 10.02.2017 ന് അന്തിമ പട്ടിക പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനായി നൽകിയിട്ടുണ്ട്. പ്രസ്തുത പട്ടിക അംഗീകാരത്തോടെ 08.03.2017ന് മുമ്പ് തിരികെ ലഭ്യമാക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മാർച്ച് മാസത്തോടുകൂടി പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്യാൻ കഴിയുന്ന രീതിയിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | ബി.പി.എൽ/എ.പി.എൽ കുടുംബങ്ങളെ തരം തിരിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ? | (ബി) | എ.പി.എൽ/ബി.പി.എൽ തരം തിരിവ് ഇപ്പോൾ നിലവിലില്ല. ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 നടപ്പാക്കുന്നതിന്റെ ഭാഗമായി മുൻഗണനാ വിഭാഗത്തെ കണ്ടെത്തുവാൻ റേഷൻ കടകൾ വഴി വിതരണം ചെയ്ത പ്രത്യേക മാനദണ്ഡങ്ങൾ നിശ്ചയിച്ചുകൊണ്ടുള്ള പ്രീ-പോപ്പുലേറ്റഡ് ഫോറങ്ങളിൽ നിന്നും ലഭ്യമായ രേഖകളുടെ അടിസ്ഥാനത്തിൽ ഡാറ്റാ എൻട്രി നടത്തുകയും സർക്കാർ നിശ്ചയിച്ചിട്ടുള്ള റാങ്കിംഗ് മാനദണ്ഡങ്ങൾ പ്രകാരം 20.10.2016-ന് കരട് മുൻഗണനാ പട്ടിക പ്രസിദ്ധീകരിക്കുകയും ടി പട്ടികയിൽ ആക്ഷേപമോ/പരാതികളോ ഉണ്ടെങ്കിൽ വെരിഫിക്കേഷൻ കമ്മിറ്റികളിലും നൽകുവാനായി അവസരം ഒരുക്കുകയും ചെയ്തിട്ടുണ്ട്. വെരിഫിക്കേഷൻ കമ്മിറ്റികളിൽ പരാതിയുള്ള പക്ഷം അപ്പീൽ കമ്മിറ്റിക്ക് പരാതി നൽകുവാൻ അവസരം നൽകിയിരുന്നു. 14.01.2011 ലെ സ.ഉ(കൈ)നം. 16/11/ ത.സ്വ.ഭ.വ ഉത്തരവിലെ റാങ്കിംഗ് മാനദണ്ഡങ്ങളും 27.04.2012 ലെ സ.ഉ(കൈ)നം.112/2012/ ത.സ്വ.ഭ.വ, 03.12.2015 ലെ സ.ഉ.(സാധാ)നം.392/15/ഭ.സി.സ.വ, 29.08.16-ലെ സ.ഉ(കൈ)നം.11/2016 ഭ.പൊ.വി.വ എന്നിവയാണ് മുൻഗണനാ വിഭാഗക്കാരെ കണ്ടെത്താൻ അടിസ്ഥാനമാക്കിയിട്ടുള്ള രേഖകൾ. |

*സെക്ഷൻ ഓഫീസർ*